# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 999 12.12.2012-ൽ മറുപടിയ്ക്ക്

## എസ്. സി. പി. ഫണ്ട് വിനിയോഗം

**ചോദ്യം**

ശ്രീ. പി. ശ്രീരാമകൃഷ്ണൻ
ശ്രീമതി. പി. അയിഷാ പോറ്റി
ഡോ. കെ.ടി. ജലീൽ
ശ്രീ. പുരുഷൻ കടലുണ്ടി

**ഉത്തരം**

ശ്രീ. എ.പി. അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എസ്.സി.പി. ഫണ്ട് വിനിയോഗത്തിൽ കുറവു വരുത്തിയാൽ അത് അടുത്ത ഫണ്ടിൽ കൂടുതലായി ഉൾപ്പെടുത്തി വികസന പ്രവർത്തനങ്ങൾ നടത്തണമെന്ന ഉത്തരവ് റദ്ദാക്കാനുള്ള കാരണം വ്യക്തമാക്കുമോ; | (എ) | 18.08.2012 ലെ സ.ഉ.(എം.എസ്) 225/2012/തസ്വഭവ നമ്പരായി പുറപ്പെടുവിച്ച പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-2017) യുമായി ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ മാർഗ്ഗ രേഖയിൽ എസ്.സി.പി. ഫണ്ടിലെ കുറവിനായി പരിഹാര വകയിരുത്തൽ നടത്തണമെന്ന നിർദ്ദേശം പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) | അത് ദുർബലവിഭാഗക്കാർക്കായുള്ള വികസന പദ്ധതികളെ പ്രതികൂലമായി ബാധിക്കുമെന്ന് കാര്യം മനസ്സിലാക്കിയിട്ടുണ്ടോ; | (ബി) & (സി) | പുതിയ വർഷം ഫണ്ട് മുൻവർഷത്തെ അപേക്ഷിച്ച് കൂടുതൽ ലഭ്യമായതിനാലും എസ്.സി.പി. ഫണ്ട് ചെലവിൽ വന്നിട്ടുള്ള കുറവ് മൂലമുള്ള ഷോർട്ട്ഫാൾ ഈ വർഷവും ജനറൽ ഫണ്ടിൽ നിന്ന് തന്നെ കുറവ് ചെയ്യാൻ നിർദ്ദേശിച്ചിട്ടുള്ളതിനാലും വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നില്ല. |
| (സി) | എങ്കിൽ ഈ നടപടി തിരുത്താൻ തയ്യാറാകുമോ ? | | |

Bali K.J
സെക്ഷൻ ഓഫീസർ